# 3

# ദൈവത്തെ വിവരിക്കുന്ന പേരുകൾ

ദൈവത്തെ ആരും ഒരു നാളും കണ്ടിട്ടില്ലെങ്കിലും, അവന്റെ സ്വഭാവത്താൽ നമുക്ക് അവനെ അറിയാം. അവൻ തന്റെ ജനത്തോടു ഇടപെടുന്നരീതിയാൽ അവന്റെ സ്വഭാവത്തെ നമുക്ക് അറിയാം. ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ആളുകളായി, അവനുമായി അടുക്കുമ്പോൾ അവന്റെ അതിരില്ലാത്ത ശക്തിയും ബലവും, അവന്റെ വലിയ സ്വഭാവഗുണങ്ങളും നല്കപ്പെട്ട പേരുകളിൽ പ്രതിഫലിപ്പിച്ചിട്ടുണ്ട്.

**"ഭയം"**

ഉല്പത്തി 31:42-ൽ ദൈവത്തെ *പഹാദ്,* "ഭയം" എന്നു പറഞ്ഞിട്ടുണ്ട്. ഈ വേദഭാഗത്തിൽ പറയുന്ന "ഭയമായവൻ" എന്നതു സാധാരണ പറയുന്ന ദൈവ ഭക്തിയും ആദരവുമല്ല സൂചിപ്പിക്കുന്നത് (*യിർ 'ആണ്*), പിന്നെയോ സാധാരണ ഭീതിയും പേടിയും ജനിപ്പിക്കുന്നതായിട്ടാണ് (ആവർത്തനപുസ്തകം 11:25; 28:67; 1 ശമുവേൽ 11:7).

യിസഹാക്കിന്റെ അനുഗ്രഹം ഏശാവിലേക്കല്ല, യാക്കൊബിലേക്കാണ് പോകേണ്ടതെന്ന ദൈവോദ്ദേശത്തെ യിസഹാക്ക് സ്പഷ്ടമായും മാനിച്ചില്ല. അവന്നു മക്കൾ ജനിക്കുന്നതിനു മുൻപു തന്നെ "മൂത്തവൻ ഇളയവനെ സേവിക്കും" എന്നു വെളിപ്പെടുത്തിയിരുന്നു (ഉല്പത്തി 25:23). ആ പ്രവചനം ഉണ്ടായിരുന്നിട്ടും ദൈവേഷ്ടത്തിനു കീഴ്പ്പെടുന്നതിനു പകരം ഇസഹാക്ക് സാധാരണ സമ്പ്രദായപ്രകാരം ആദ്യജാതനെ അനുഗ്രഹിക്കാൻ തീരുമാനിച്ചു. എന്നാൽ യാക്കൊബിന്റെ വഞ്ചനയാൽ ഏശാവിനെ അനുഗ്രഹിക്കുന്നു എന്നപോലെ അവൻ യാക്കൊബിനെ അനുഗ്രഹിച്ചു. താൻ ദൈവേഷ്ടം മാനിച്ചില്ല എന്നു യിസഹാക്ക് തിരിച്ചറിഞ്ഞപ്പോൾ, അവൻ ഭയങ്കരമായി ഭയപ്പെട്ടു (ഉല്പത്തി 27:33). ആ ഭയം അവൻ ദൈവത്തെ വിളിച്ച പേരിൽ പ്രതിഫലിച്ചിരിക്കുന്നു - പഹാദ്, "ഭയമായവൻ." മാറ്റമില്ലാതെ ദൈവത്തിന്റെ പദ്ധതി മാറ്റാൻ താൻ ശ്രമിച്ചു എന്നു അവൻ മനസ്സിലാക്കിയപ്പോൾ ഭയവും ഭീതിയും അവന്റെ ഹൃദയത്തിൽ നിറഞ്ഞു.

പിന്നീട് ഇസഹാക്ക് പൂർണ്ണമായും ദൈവത്തോടു പറ്റിച്ചേർന്നു എങ്കിലും, സ്പഷ്ടമായും അവൻ തന്റെ പേടി ഒരിക്കലും മറന്നില്ല. അവൻ തന്റെ അനുഭവത്തെ യാക്കൊബിനു വിവരിച്ചു കൊടുത്തു, അതുകൊണ്ട് യാക്കൊബിനു *പഹാദ്* എന്ന പേർ മനസ്സിലായിരുന്നു. ഈ പേരിൽ, യാക്കൊബ് ദൈവത്തോടു ഒരു ആണയും ഇടുന്നുണ്ട്.

### "യാക്കൊബിന്റെ ബലം ആയവൻ"

ദൈവത്തെ പഴയ നിയമത്തിൽ വിവരിച്ചിരിക്കുന്ന മറ്റൊന്ന് ഉല്പത്തി 49:24 ലുണ്ട്: *'അബിർ യാ' കോബ്*, "യാക്കൊബിന്റെ ബലം." *'അബിർ,* എന്ന വാക്ക് സ്പഷ്ടമായും, ''ശക്തനായവൻ, ധൈര്യമുള്ളവൻ.'' ദൈവത്തെ മുൻപു പറഞ്ഞ രണ്ടു വാക്കുകളോടു യോജിക്കുന്നതാണ്, "എൽ," "ശക്തനായവൻ" എന്നു *ശദ്ദായി* "സർവ്വ ശക്തൻ" എന്നതും.

### അബിർ എന്ന വാക്കിന്റെ ആദ്യ ഉപയോഗം

യോസേഫിനെ അവന്റെ അപ്പൻ അനുഗ്രഹിച്ചതിൽ അബിർ, ''ബലമായവൻ'' എന്ന വാക്ക് ആദ്യമായി ഉപയോഗിച്ചിരിക്കുന്നു. യോസേഫിനു ഉറപ്പിക്കുവാൻ കഴിഞ്ഞതായി, യിസ്രായേൽ പറഞ്ഞു, അവന്റെ പിൻഗാമികളെ *'അബിർ യാക്കൊബ്'* ബലമായവൻ കരുതിക്കൊള്ളും. അബിർ യാക്കൊബിന്റെ ശക്തിയാൽ യോസേഫിന്റെ അവകാശികൾക്കു അവരുടെ അമ്പുകൾക്കും കൈകൾക്കും ശക്തി ലഭിക്കും. യോസേഫിന്റെ സന്തതി, എഫ്രയിം, മനേശ്ശ എന്നീ ഗോത്രവും ശക്തരായ ആളുകളായി. പല വർഷങ്ങൾക്കു ശേഷം, യാക്കൊബിന്റെ പ്രവചനം, യോസേഫിന്റെ ഭവനത്തോടു യോശുവ എഫ്രയിമിനോടും മനേശ്ശയോടും പറഞ്ഞു, "നിങ്ങൾ വലിയോരു ജനം തന്നെ നിങ്ങൾക്കു മഹാ ശക്തിയും ഉണ്ട്" (യോശുവ 17:17). കാരണം "യാക്കൊബിന്റെ ബലം ആയവൻ'' യോസേഫിന്റെ മക്കളോടുകൂടെ ഉണ്ടായിരുന്നു.

### അബിർ എന്ന വാക്കിന്റെ മറ്റു നാലു സന്ദർഭങ്ങൾ

പഴയ നിയമത്തിൽ അബിർ എന്ന വാക്ക് ദൈവത്തെ വിവരിക്കുവാൻ മറ്റു നാലു സന്ദർഭങ്ങളിൽ ഉപയോഗിച്ചിട്ടുണ്ട്.

1. അബിർ, ബലവാനായവൻ മശിഹയെ കൊണ്ടു വരേണ്ടായിരുന്നു. ദൈവത്തിനു ഒരു സമാഗമന കൂടാരം ഉണ്ടാക്കുന്നതുവരെ തനിക്കു വിശ്രമമില്ലെന്നു ദാവീദ് അബിർ യാക്കോബിനോടു ആണയിട്ടിരുന്നു (സങ്കീർത്തനങ്ങൾ 132:2-5). ദാവീദിന്റെ വിശുദ്ധവും നിസ്വാർത്ഥവുമായ ആ കണക്കു പ്രതികരണമായി ദൈവവും അവനോടു ഒരു പ്രതിജ്ഞ ചെയ്തു: ''ഞാൻ നിന്റെ ഉദരഫലത്തെ നിന്റെ സിംഹാസനത്തിൽ ഇരുത്തുമെന്നു നിന്റെ മക്കൾ എന്റെ നിയമത്തെയും ഞാൻ അവർക്കു ഉപദേശിച്ച സാക്ഷ്യത്തെയും പ്രമാണിക്കുമെങ്കിൽ അവരുടെ മക്കളും എന്നേക്കും നിന്റെ സിംഹാസനത്തിൽ ഇരിക്കും എന്നും യഹോവ ദാവീദിനോടു ആണയിട്ടു സത്യം" (സങ്കീർത്തനങ്ങൾ 132:11). "അവൻ അതിൽ നിന്നു മാറുകയില്ല" (സങ്കീർത്തനങ്ങൾ 132:11) എന്ന് അവൻ നിർണ്ണയിച്ചു. അതിന്റെ സന്തോഷപ്രദമായ ഫലം എന്തെന്നാൽ

യേശുവിനെ ദാവീദിന്റെ സന്തതിയായി അയക്കുകയും, അവനെ മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേല്പിച്ചു സ്വർഗ്ഗത്തിൽ ആത്മിയമായി അവനെ ദാവീദിന്റെ സിംഹാസനത്തിൽ ഇരുത്തുകയും ചെയ്തു. പെന്തെക്കൊസ്തു നാളിൽ തന്നെ ശ്രദ്ധിച്ച ആയിരങ്ങളോടു പത്രൊസ് ഈ ആവേശകരമായ ദൈവവാഗ്ദാനം പറയുന്നുണ്ട്. “ദൈവം അവന്റെ [ദാവീദിന്റെ] കടിപ്രദേശത്തിന്റെ ഫലത്തിൽ നിന്നു ഒരുത്തനെ അവന്റെ സിംഹാസനത്തിൽ ഇരുത്തുന്നു” (പ്രവൃത്തികൾ 2:30). അബിർ യാക്കോബ് “യാക്കൊബിന്റെ ബലവാനായവൻ” അവനും ദാവീദിന്റെ ബലവാനായിത്തീർന്നു.

2. അബിർ, ബലവാനായവൻ യെരുശലേമിനെ പുനരേകീകരിക്കും. യെശയ്യാവിന്റെ കാലത്തു ഭൂമിയിലെ യെരുശലേം പട്ടണം “വേശ്യയും” “കുലപാതകന്മാരുടെ” വാസസ്ഥലവുമായി മാറി (യെശയ്യാവു 1:21). പ്രഭുക്കന്മാർ കള്ളന്മാരുടെ കൂട്ടാളികളും “പ്രതിഫലം കാംക്ഷിക്കുവാനും” ആയി (യെശയ്യാവു 1:23). എങ്ങനെയായാലും, യാക്കൊബിന്റെ ബലമായവൻ അരുളിച്ചെയ്തു, “ഞാൻ എന്റെ കൈ നിന്റെ നേരെ തിരിച്ചു നിന്റെ കീടം ഉരുക്കിക്കളയും” (യെശയ്യാവു 1:25). യിസ്രായേലിന്റെ ശക്തനായവൻ വിശ്വസ്തനായ ന്യായാധിപന്മാരെ എഴുന്നേല്പിച്ച ശേഷം, യെരുശലേമിനെ നീതിയുടേയും വിശ്വസ്തതയുടേയും നഗരം “എന്നു വിളിക്കുമെന്നു വാഗ്ദാനം ചെയ്തു” (യെശയ്യാവു 1:26). സീയോനെ, ന്യായത്തോടെ വീണ്ടെടുത്തു അവളുടെ പരിവർത്തകരെ നീതിയോടെയും വീണ്ടെടുക്കും.

പുതിയ നിയമസഭ വരുന്നതോടെ - ആത്മിയ യെരുശലേമിലെ നിവാസികൾ വീണ്ടും ജനിച്ചു പുതിയ ആത്മാവും പുതിയ ഹൃദയവുമുള്ളവരായി തീരുന്നതോടെ - യാക്കൊബിന്റെ ബലമായവന്റെ വാക്കു നിറവേറി “മീതെയുള്ള യെരുശലേം” എന്നു വിളിക്കുന്ന സഭയായ ആത്മിയ നഗരം, പഴയ ഭൗതിക യെരുശലേമിനേക്കാൾ മഹത്വകരമായിത്തീർന്നു (ഗലാത്യർ 4:26) അതു “സ്വർഗ്ഗീയ യെരുശലേം ആണ്” (എബ്രായർ 12:22).

3. അബിർ, ബലവാനായവൻ തെറ്റുകളെ ശരിയാക്കി. ദൈവജനത്തോടു പോരാടി പിടിച്ചടക്കുന്നവരായിരുന്നാലും ഏതു സമയത്തും അന്യായം ചെയ്തവരേയും യാക്കൊബിന്റെ ബലമായവൻ പോരാടുന്നവരെ “അവരുടെ സ്വന്ത രക്തം കുടിപ്പിക്കുവാൻ” ശക്തനാണ് (യെശയ്യാവു 49:24-26; വെളിപ്പാട് 16:4-7). അതുകൊണ്ടു, “ദേശത്തു നീതിയും ന്യായവും ത്യജിക്കുന്നതിൽ” ഒരാൾ തളർന്നു പോകേണ്ടതില്ല (സഭാപ്രസംഗി 5:8), കാരണം അബിർ യാക്കോബ് ഒരിക്കലും മരിക്കുന്നില്ല.

4. അബിർ ശക്തനായവൻ ആണ് സ്വർഗ്ഗത്തിലേക്കു നയിക്കുന്നത്. അതിനായി അബിർ, ബലവാൻ, ഒരു നഗരം പണിതു അതിന്റെ വാതിലുകൾ “എല്ലായ്പ്പോഴും തുറന്നിരിക്കുകയും ചെയ്യും” (യെശയ്യാവു 60:11). പകൽ അവിടെ “സൂര്യൻ ആവശ്യമില്ല” എന്നു നമ്മോടു പറഞ്ഞിരിക്കുന്നു “നിലാവെട്ടം തരുന്നതു ചന്ദ്രനുമല്ല, യഹോവ നിനക്കു നിത്യ പ്രകാശവും നിന്റെ ദൈവം നിന്റെ ‘തേജസ്സും’

ആകുന്നു'' (യെശയ്യാവു 60:19, 20). പാപികളായ ആത്മാക്കളെ നന്നാക്കി "നിത്യമാഹാത്മ്യവും തലമുറ തലമുറയായുള്ള ആനന്ദവും" ആക്കി മാറ്റുവാൻ കഴിവുള്ളവൻ ബലമായവൻ മാത്രമാണ് (യെശയ്യാവ് 60:15).

പിന്നെ, നാം കാണുന്നതു അബിർ, എന്ന വാക്ക് ഉപയോഗി ച്ചിരിക്കുന്നതു, ''ബലവാനായവൻ'' എന്ന വാക്ക് പരിശുദ്ധാത്മാവു ഉപയോഗിച്ചിരിക്കുന്നു, യോസേഫിനെ അനുഗ്രഹിക്കുന്നതിനും, ക്രിസ്തുവിനെ രാജാവാക്കുന്നതിനും, യെരുശലേമിനെ എടുത്തു പുനരേകീകരിക്കുന്നതിനും, എല്ലാതെറ്റുകളെയും ശരിയാക്കുന്നതിനും സ്വർഗ്ഗം പണിയുന്നതിനും ആ ശക്തി വിവരിക്കുന്നുണ്ട്.

## ''യിസ്രായേലിന്റെ കല്ല്''

ഉല്പത്തി 49:24 ലെ ദൈവം എന്ന ഉപയോഗം വിവരിച്ചിരിക്കുന്നതു യെഹെൻ യിസ്റായേൽ, ''യിസ്രായേലിന്റെ കല്ലു'' എന്നാണ്. കല്ലു ആയി ദൈവത്തെ പ്രതിനിധീകരിക്കുന്നത് ഊന്നൽ കൊടുക്കുന്നത് ദൈവത്തിന്റെ ശക്തിയെയും (ഇയ്യോബ് 6:12) ഉറപ്പിനെയും ആണ് (ഇയ്യോബ് 38:30).

ഫെലിസ്ത്യർക്കെതിരെ പോരാടുവാൻ യിസ്രായേലിനെ ദൈവം സഹായിച്ചതിന്റെ ഓർമ്മക്കായി ശമുവേൽ കല്ലു ഉപയോഗിക്കയുണ്ടായി. അവൻ അതിനെ എബിനേസെർ ''സഹായക്കല്ല്'' എന്നു വിളിച്ചു, (1 ശമുവേൽ 7:12). ദാവീദ് പ്രാർത്ഥിച്ചപ്പോൾ അവന്റെ മനസ്സിൽ സുരക്ഷിതത്വം സ്പഷ്ടമായും ഉണ്ടായിരുന്നു, "ഞാൻ എപ്പോഴും വന്നു പാർക്കേണ്ടതിന്നു നീ എനിക്കു ഉറപ്പുള്ള പാറയായിരിക്കേണമേ. എന്നെ രക്ഷിപ്പാൻ നീ കല്പിച്ചിരിക്കുന്നു; നീ എന്റെ പാറയും എന്റെ കോട്ടയും ആകുന്നുവല്ലൊ'' (സങ്കീർത്തനങ്ങൾ 71:3). ഹന്നാ ദൈവത്തെ സ്തുതിച്ചു, പറഞ്ഞു, ''യഹോവയെപോലെ പരിശുദ്ധൻ ഇല്ല; നീ അല്ലാതെ ഒരുത്തനുമില്ലല്ലൊ; നമ്മുടെ ദൈവത്തെപോലെ ഒരു പാറയുമില്ല'' (1 ശമുവേൽ 2:2). നിത്യപാറയായി യഹോവയെ യെശയ്യാവു സ്തുതിക്കുന്നുണ്ട് (യെശയ്യാവു 26:4).

മരുഭൂമിയിലായിരുന്ന യിസ്രായേൽ ജനത്തെ ദൈവം പാറയിൽ നിന്നു ജലം പുറപ്പെടുവിച്ചു കുടിപ്പിക്കുന്നുണ്ട് (പുറപ്പാട് 17:6; സങ്കീർ ത്തനങ്ങൾ 78:15). അങ്ങനെ അവർ ആത്മിയമായി, ക്രിസ്തു എന്ന പാറയിൽ നിന്നു അതായതു അന്നു മോശെയിൽകൂടെ ആത്മീയമായ ഉപദേശങ്ങൾ നല്കി (1 കൊരിന്ത്യർ 10:4, 5). അവരിൽ മിക്കപേരിലും ദൈവം പ്രസാദിച്ചില്ല, കാരണം അവർ ആത്മിയ പാനിയം കുടിക്കുന്നതു നിരസിച്ചു. "അവരുടെ രക്ഷയുടെ പാറയെ അവർ നിരസിച്ചു" (ആവർ ത്തന പുസ്തകം 32:15).

ക്രിസ്തു ആത്മിയ പാറയായിരിക്കുന്നതു പഴയ നിയമത്തിൽ മാത്രമല്ല, പുതിയ നിയമകാലയളവിലും അവൻ പാറയായിരിക്കും എന്നു മുന്നറിയിച്ചിരുന്നു. രണ്ടർത്ഥത്തിലും, മശിഹ ഒരു പാറയായി രിക്കും എന്നു പ്രവാചകന്മാർ മുന്നറിയിച്ചിരുന്നു. അവൻ ഒരു

ഇടർച്ചക്കല്ലായിരിക്കും (യെശയ്യാവ് 8:14). വീടു പണിതവരായ യെഹൂദന്മാർ, അവരുടെ തെറ്റായ മനോഭാവത്താൽ തള്ളിക്കളഞ്ഞ കല്ലായിരുന്നു അവൻ. തള്ളിക്കളഞ്ഞ കല്ലു മതിലുകൾ ഒന്നായിച്ചേരുവാൻ മൂലക്കല്ലായിത്തീർന്നു (സങ്കീർത്തനങ്ങൾ 118:22). യേശുവിനെ വീടിന്റെ മൂലക്കല്ലായി പ്രവചിച്ചിരുന്നു: "ഇതാ ഞാൻ സീയോനിൽ ഉറപ്പുള്ള അടിസ്ഥാനമായിട്ടു ശോധന ചെയ്ത കല്ലും വിലയേറിയ മൂലക്കല്ലും ആയി ഒരു അടിസ്ഥാനക്കല്ലു ഇട്ടിരിക്കുന്നു" (യെശയ്യാവു 28:16).

മുന്നറിയിപ്പുകൾ നിറവേറി. ക്രിസ്തു നിത്യം - ചെറിയ കല്ലിന്മേലോ, കുമിളമേലോ, ഫ്രാഗ്മെന്റിന്മേലോ അല്ല പണിതതു, പിന്നെയോ വലിയ പാറയിന്മേൽ, വലിയൊരു കല്ലിന്മേൽ, പെട്രാമേലത്രെ പണിതത് (മത്തായി 16:16-18 നോക്കുക). "യേശുക്രിസ്തു എന്ന ഇട്ടിരിക്കുന്ന അടിസ്ഥാനമല്ലാതെ മറ്റൊന്ന് ഇടുവാൻ ആർക്കും സാധ്യമല്ല" (1 കൊരിന്ത്യർ 3:11). ക്രിസ്തുവിന്റെ സന്ദേശത്തിങ്കൽ അവിശ്വാസികൾ ഇടറും, കാരണം അവരുടെ അനുസരണക്കേടു തന്നെ (1 പത്രൊസ് 2:7, 8). ഈ ''കല്ലിന്മേൽ'' വീണ യെഹൂദന്മാർ ''കഷണങ്ങളായി നുറുങ്ങിപ്പോയി" ധൂളിപോലെ ചിതറിപ്പോയി (മത്തായി 21:44). അവനെ "ജീവനുള്ള കല്ലായി" സ്വീകരിക്കുന്നവർക്കു യേശു, എങ്ങനെയായാലും, നിത്യതയിലേക്ക് വിലയേറിയ മാന്യവും ശ്രേഷ്ഠവുമായ ഒന്നായി (1 പത്രൊസ് 2:4, 7).

## "വീര്യമുള്ളവൻ"

*ഖാനാ* എന്ന വാക്ക്, "വീര്യം" മൂലാർത്ഥമായ "കടുത്തു ചുവക്കുക" എന്നാണ്; അഗാധമായ വികാരത്താൽ ഒരാളുടെ മുഖത്തുണ്ടാകുന്ന നിറവ്യത്യാസത്തെയാണ് അതു സൂചിപ്പിക്കുന്നത്. *സീലോസ്* എന്ന ഗ്രീക്കു പദം, "ജെലസി," "തിളക്കുക" മൂലാർത്ഥത്തിൽ നിന്നു തിരിഞ്ഞു വന്നതാണ്. *ഖാനാ*, വീര്യമുള്ളവൻ എന്ന് ഉപയോഗിച്ചിരിക്കുന്നതു ദൈവത്തിന്റെ അഗാധമായ വികാരത്തെയാണ് കാണിക്കുന്നത്.

ദൈവത്തിനു ഒരിക്കലും, അസൂയയുള്ളതായി പറഞ്ഞിട്ടില്ല, എന്നാൽ അവന്നു വീര്യം, അഥവാ ഖാനായുണ്ട്; അവന്റെ നാമങ്ങളിൽ ഒന്നാണ് ''വീര്യമുള്ളവൻ,'' എന്നത് (പുറപ്പാട് 34:14). അസൂയ മറ്റൊരാൾ താഴ്ന്നുകാണുവാൻ ആഗ്രഹിക്കുന്നതും, സാത്താന്റേയും, ജഡത്തിന്റേയും സ്വഭാവമാണ് (ഗലാത്യർ 5:21). വീര്യം എന്നതു മറ്റൊരാളെ പ്രത്യേകതയുള്ളതായി കാണുന്ന സ്വഭാവമാണ്, ഡയാബോളിക്കൽ ആണ് (പ്രവൃത്തികൾ 13:45; റോമർ 13:13; ഗലാത്യർ 5:20), അല്ലെങ്കിൽ അതു ദൈവ ഭക്തിയുള്ളതാകാം (2 കൊരിന്ത്യർ 11:2), അതു ശരിയും വീര്യത്തെ അന്വേഷിക്കുന്നതു "പ്രശംസനീയം തന്നെ" (ഗലാത്യർ 4:18) എന്നാൽ സ്വാർത്ഥമായ ഒന്നല്ല.

മനുഷ്യന്റെ സൃഷ്ടികർത്താവായ ദൈവത്തിനു മനുഷ്യനോടു സ്നേഹവും അടുപ്പവും ഉണ്ട്. ഒരു മനുഷ്യന്റെ പൂർണ്ണാത്മാവിൽ നിന്നും, പൂർണ്ണ ഹൃദയത്തിൽ നിന്നും, പൂർണ്ണമനസ്സിൽ നിന്നും കുറഞ്ഞതൊന്നും അവൻ സ്വീകരിക്കയില്ല (ആവർത്തന പുസ്തകം 6:4-6; മർക്കൊസ് 12:30).

രണ്ടാം സ്ഥാനമായി ഒരു ദേവനെയോ (പുറപ്പാട് 34:14; യെശയ്യാവു 42:8), ഭൗതിക ഭരണാധികാരിയെയോ (പ്രവൃത്തികൾ 5:29), ഒരു ശിഷ്യനെയും സ്വീകരിക്കയില്ല (ലൂക്കൊസ് 14:26).

സൃഷ്ടികർത്താവിന്റെ ഈ പ്രകൃതി നിയമത്തെ ലംഘിക്കുന്ന എല്ലാ മനുഷ്യരെയുംവീര്യമുള്ള ദൈവം നശിപ്പിക്കും (ആവർത്ത നപുസ്തകം 16:15) ''നമ്മുടെ ദൈവം ദഹിപ്പിക്കുന്ന അഗ്നിയല്ലൊ'' (എബ്രായർ 12:29; ആവർത്തന പുസ്തകം 4:24). ''ജീവനുള്ള ദൈവത്തിന്റെ കയ്യിൽ വീഴുന്നതു എത്ര ഭയങ്കരം'' (എബ്രായർ 10:31) അവന്റെ നാമം "വീര്യം" എന്നു തന്നെ.

**ഉപസംഹാരം**

അങ്ങനെ ദൈവത്തെ ചില പേരുകളാൽ വിവരിച്ചിരിക്കുന്നു. ദൈവം ഭയപ്പെടേണ്ടവനാണ്, സർവ്വ ശക്തിയുള്ളവൻ, കല്ലിന്റെ ശക്തിയുള്ളവൻ, പ്രത്യേക ധ്യാനം ആവശ്യപ്പെടുന്നവനുമാണ് ദൈവം. അവനെപ്പറ്റി പറയുന്ന ഈ പേരുകൾ നാം മനസ്സിലാക്കുമ്പോൾ, ദൈവം ആരാണെന്ന വ്യക്തമായ ചിത്രം നമുക്കു കിട്ടും. തന്റെ ജനം എന്നാൽ എന്താണെന്നും, അവൻ നമ്മിൽ നിന്നും എന്തു പ്രതീക്ഷിക്കുന്നു എന്നും മനസ്സിലാകും.

© 2009 Truth for Today